

*"ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ! ഈ സമാധാനത്തിലേക്കാണ് നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ, നിങ്ങൾ കൃതജ്ഞതാനിർഭയരായിരിക്കുവിൻ. പരസ്പരം പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുമ്പോഴും, കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ, ദൈവത്തിനു സങ്കീർത്തനങ്ങളും ഗാനങ്ങളും ആത്മീയഗീതങ്ങളും പാടുമ്പോഴും ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ!" (കൊളോ. 3:15-16)*

## ജനുവരി 2015: വിചിന്തനം- (കൊളോ. 3:15-16)

സജീവമായ ക്രിസ്തീയജീവിതം നയിക്കുന്നയാൾക്ക് മിക്കപ്പോഴും മറന്നുപോകുന്ന ഒരു വിളിയുണ്ട്. ശിഷ്യരുടെ ഒരു നിശ്ചിതഐക്യസമൂഹത്തിലെ സജീവ പങ്കാളി ആയിരിക്കാനുള്ള വിളിയാണത്. ക്രിസ്തുവിലുള്ള ജീവിതം കേവലമായ ഒരു ആത്മീയാനുഷ്ഠാനമല്ല; മറിച്ച് ക്രിസ്തുവിന്റെ ദൃശ്യ ശരീരത്തിന്റെ സ്നേഹത്തിലും ജീവനിലുമുള്ള ആനന്ദഭരിതവും തീവ്രവുമായ പങ്കുചേരലാണ്.

തന്റെ ശിഷ്യരോടും സമൂഹത്തോടുമൊപ്പം തുടങ്ങിയ സുവിശേഷ പ്രഘോഷണം അവർ തുടരണം എന്ന ആഹ്വാനത്തോടെയാണ് വിശുദ്ധ പൗലോസിന്റെ കത്തുകൾ എഴുതപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ എല്ലാ കത്തുകളിലും പൊതുവായ ഒരു രീതിപ്രകടമാണ്. ആദ്യഭാഗത്ത് ഈശോയുടെ രക്ഷാകരദൗത്യത്തിന്റെയും രക്ഷയെന്ന ദാനത്തിന്റെയും ദൈവശാസ്ത്രപരമായ ദർശനമാണ് ഏറെയും. അവസാനഭാഗത്ത് ക്രിസ്തുവിലുള്ള ഈ പുതിയ ജീവിതത്തിനുതകുന്ന പ്രായോഗിക ദർശനങ്ങൾ അടങ്ങിയിരിക്കുന്നു. ഈ ഭാഗക്ക് നവീകരിക്കപ്പെട്ട ഈ ജീവിതരീതി ഫലപ്രദമായി പിൻതുടരുന്നതിനുള്ള അജപാലന നിർദേശങ്ങൾക്കു പുറമേ അത്തരത്തിലുള്ള ഒരു സമൂഹത്തിന്റെ ഭാഗമായിരിക്കുന്നതിലുള്ള ഊർജസ്വലതയെക്കുറിച്ചും പ്രതിപാദിക്കുന്നു. കൊളോസോസുകാർക്കുള്ള ലേഖനങ്ങളിലെന്നപോലെ അവ നമുക്ക് ക്രിസ്തുശിഷ്യൻമാർ തമ്മിലുണ്ടായിരിക്കേണ്ട കൂട്ടായ്മയുടെ പ്രാധാന്യത്തെക്കുറിച്ചും, അതിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ചും നമ്മോട് പറയുന്നു.

ക്രിസ്തു സന്ദേശത്തിന്റെ കാതൽ യേശുക്രിസ്തു മാംസം ധരിച്ചു ഭൂമിയിലേക്കിറങ്ങി എന്നുള്ളതാണെന്നും അതുകൊണ്ട് ഒരു ക്രൈസ്തവ സമൂഹത്തിൽ ക്രിസ്തുവിന്റെ വചനങ്ങൾ മാംസം ധരിക്കണമെന്നും വിശുദ്ധ പൗലോസ് അറിഞ്ഞിരുന്നു. "ആധുനിക ലോകത്തിലെ സുവിശേഷപ്രഘോഷണം" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പോൾ ആറാമൻ മാർപാപ്പ, ജനങ്ങളെ ജീവനുള്ള ഒരു സമൂഹത്തിലേക്കു നയിക്കുന്ന സുവിശേഷവത്കരണ പ്രക്രിയയെക്കുറിച്ച് പറയുന്നു: "സുവിശേഷ സ്വീകരണം നിഗൂഢമായോ അവതരിക്കാതെയോ സാധ്യമല്ല; മറിച്ച്, വിശ്വാസികളുടെ ഒരു സമൂഹത്തിലേക്കുള്ള ദൃശ്യമായ പ്രവേശനം വഴി അത് മൂർത്തമായി സ്വയം വെളിപ്പെടുത്തുന്നു" (23) ക്രിസ്ത്യാനി ഒരു സമൂഹത്തിന്റെ സജീവഭാഗമായിരിക്കകയെന്നത് പരമപ്രധാനമാണ്. എന്തെന്നാൽ, അത് മാമോദീസായിലൂടെ ഉൾച്ചേർക്കപ്പെട്ടിരിക്കുന്ന ത്രിത്വൈക ദൈവത്തിന്റെ ജീവനിലുള്ള യഥാർഥ പങ്കുചേരലാണ്. ദൈവവചനം ജീവിക്കുന്നതിനും ഇന്നത്തെ ക്രിസ്തീയ ജീവിതത്തിനു വേണ്ടുന്ന ഫലപ്രദമായ രൂപീകരണം സാധ്യമാകുന്നതിനും ഉതകുന്ന ഏറ്റവും നല്ല ഇടമാണത്. ഒപ്പം, യേശുവിലുള്ള ദൃശ്യജീവിതത്തിന്റെ സൗന്ദര്യത്തിലേക്കു ക്ഷണിക്കുക വഴി സജീവമായ കൂട്ടായ്മാണ് ഏറ്റവും നല്ല സുവിശേഷപ്രഘോഷണ മാധ്യമം. (യോഹ 13:35)

സ്വന്തമാവുക എന്ന വിളിയോടൊപ്പം പടിപടിയായി യേശുവിന്റെ ശരീരത്തിൽ വളരുക എന്ന ലക്ഷ്യത്തിലേക്കുമാണ് ഈ വചനഭാഗം നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കൂട്ടായ്മ എന്നത് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഒരു ഗ്രൂപ്പിലേക്കു നടത്തുന്ന ഒന്നോ അതിലേറെയോ സന്ദർശനങ്ങളല്ല. മറിച്ച്, ഒരു നിശ്ചിത സമൂഹത്തിന്റെയോ ക്രിസ്തുവിന്റെ ദൃശ്യശരീരത്തിന്റെയോ സ്വന്തമായിത്തീരുന്ന ഒരു യാത്രയാണ്. ഈ സ്വന്തമാകൽ വിതയ്ക്കലിൽ ആരംഭിച്ച്, വളർച്ചയിലൂടെ കടന്ന്, ഫലപ്രാപ്തിയിൽ എത്തുന്ന പടിപടിയായുള്ള പ്രക്രിയയാണ്. മറ്റുവാക്കുകളിൽ, ഒരു ക്രിസ്ത്യാനി പക്വതയാർജ്ജിക്കുന്നത്, ഒരു കാര്യപരിപാടിയിലൂടെയോ കുറെയധികം പഠനങ്ങളിലൂടെയോ അല്ല, പിന്നെയോ, ക്രിസ്തുശരീരത്തിന്റെ ജീവനിലുള്ള സജീവ പങ്കാളിത്തത്തിലൂടെയാണ്. സമൂഹങ്ങളുടെ സമൂഹം എന്നു വിളിക്കപ്പെടുന്ന സഭ ജീവനുള്ള ഒരു ശരീരമാണ്. സഭയുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്ന എന്റെ ചെറിയ കൂട്ടായ്മയിലെ സജീവ പങ്കാളിത്തം വഴി ക്രിസ്തുവെന്ന മുന്തിരിച്ചെടിയിലെ ജീവനുള്ള ഒരു ശാഖയായി ഞാൻ മാറുന്നു. (യോഹ 15:5)

പക്വതയിലേക്കുള്ള മാർഗനിർദേശം കൂട്ടായ്മയിൽ എങ്ങനെയാണ് ലഭിക്കുക? ഒന്നാമത്, ഒരാൾ ക്രിസ്ത്യാനികളുടെ ഒരു ഗാത്രത്തിലേക്കു സ്വീകരിക്കപ്പെടുന്നു; തുടർന്ന് അവരുടെ ആനന്ദപൂർണ്ണവും പ്രത്യക്ഷവുമായ സ്നേഹവും കരുതലും വഴി അതിൽ നിലനില്ക്കുന്നു. സങ്കീർത്തകൻ ഉദ്ഘോഷിക്കുന്നു: “എത്ര വിശിഷ്ടവും സന്തോഷപ്രദവും ആണ് അത്” (133). സമൂഹത്തിൽ ഐക്യാവബോധം ഉറപ്പിക്കുന്നതിലും ആനന്ദവും സ്തുതിയും പടുത്തുയർത്തുന്നതിനുള്ള അടിസ്ഥാനം ഒരുക്കുന്നതിലും ഗാനാലാപനം വലിയ പങ്കുവഹിക്കുന്നു. ദൈവത്തിന്റെ വചനം-അതിന്റെ ധ്യാനവും പങ്കുവയ്ക്കലും- ആണ് ക്രിസ്തു ശരീരത്തെ പണിതുയർത്തുന്നത്. വ്യത്യസ്തങ്ങളായ വരദാനങ്ങളുടെ കണ്ടെത്തലും ഉപയോഗവും കൂട്ടായ്മയിൽ ദൗത്യത്തിന്റെ ധാരാളം ഫലങ്ങൾ പുറപ്പെടുവിക്കാൻ കാരണമാകുന്നു. അതുപോലെതന്നെ, ഒരുമിച്ചു സമയം ചിലവഴിക്കുക, പരസ്പരം ആശയസംവേദനം നടത്തുക, ഭക്ഷണം പങ്കുവയ്ക്കുക, സഹോദരർക്കു യഥാർഥ സഹായം നല്കുക, എന്നിങ്ങനെ പ്രായോഗികമായ ചില ഘടകങ്ങൾ വഴി സമൂഹജീവിതം പടുത്തുയർത്തപ്പെടുന്നു. ഒരു യഥാർഥ കൂട്ടായ്മയുടെ മാറ്റുരയ്ക്കപ്പെടുന്നത് സഭയിലും വിശാലമായ ലോകത്തിലും സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും രൂപത്തിൽ പുറപ്പെടുവിക്കുന്ന ഫലങ്ങളിലൂടെയും വിശിഷ്ടമായ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും വക്താക്കൾ ആകുന്നതിലൂടെയും ആണ്. നേരേ മറിച്ച്, പ്രാർഥിക്കുന്ന, ക്രിസ്ത്യാനികളുടെ മാത്രമായ ഒരു ക്ലബ്ബായി മറ്റുള്ളവരിൽ നിന്നും വേർപെട്ടു നില്ക്കാനുള്ള പ്രലോഭനം വളർന്നു വരുന്ന ഓരോ സമൂഹവും ഒഴിവാക്കണം.

നാം വിളിക്കപ്പെട്ടിരിക്കുന്നത് സ്വന്തമാകുവാനാണ്. വിശ്വാസികളുടെ ഒരു സജീവ സമൂഹത്തിന്റെ സ്വന്തമാകുക എന്നതിനേക്കാൾ നമുക്ക് എളുപ്പമായിരിക്കാം ആത്മീയ വിനോദസഞ്ചാരിയെപ്പോലെ ചില സമൂഹങ്ങൾ സൗകര്യംപോലെ സന്ദർശിക്കുകയെന്നത്. എന്നാൽ, നമുക്കു നന്നായി അറിയുന്ന, നമ്മെ ഏറ്റം അടുത്തറിയുന്ന ഒരു നിശ്ചിത സമൂഹത്തിന്റെ സ്വന്തമായിരിക്കണം എന്നത് ക്രിസ്തീയ വളർച്ചയ്ക്കുള്ള വിളി നമ്മിൽ നിന്ന് ആവശ്യപ്പെടുന്നു. അവിടെ നാം വിശ്വാസത്തിലുള്ള നിലനില്പും പങ്കുവയ്ക്കലിന്റെയും മാപ്പേകലിന്റെയും പാഠങ്ങളും അഭ്യസിക്കുന്നു. പ്രതിബദ്ധതയുടെ എല്ലാ ഭാവങ്ങളിൽ നിന്നും മനുഷ്യർ ഓടിയകലുന്ന ഇക്കാലഘട്ടത്തിൽ, കൂട്ടായ്മയിലുള്ള നമ്മുടെ പങ്കുചേരൽ എക്കാലവും നിലനില്ക്കുന്ന “അചഞ്ചലമായ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും” (സങ്കീ 118,136) രഹസ്യങ്ങൾ നമ്മെ പഠിപ്പിക്കണം.

കൂട്ടായ്മയ്ക്ക് ജീസസ് യൂത്ത് മുന്നേറ്റത്തിൽ എന്തു സ്ഥാനമാണുള്ളത്? ഈ മുന്നേറ്റത്തിൽ ഏറ്റവും മനോഹരമായത് എന്താണെന്ന് ആരോടെങ്കിലും നിങ്ങൾ ചോദിച്ചാൽ അവർക്കെല്ലാവർക്കും തന്നെ പറയാനുള്ളത്, തങ്ങളെ ദൈവത്തിലേക്ക് ആകർഷിച്ച് അടുപ്പിക്കുകയും ആനന്ദത്തോടെ പണിതുയർത്തുകയും ചെയ്ത മുന്നേറ്റത്തിൽ അവർ അനുഭവിച്ച ആഴത്തിലുള്ള കുടുംബ ചൈതന്യത്തെക്കുറിച്ചായിരിക്കും. പ്രെയർ ഗ്രൂപ്പുകൾ, സെൽ ഗ്രൂപ്പുകൾ, മിനിസ്ട്രി ഗ്രൂപ്പുകൾ, ഹൗസ് ഹോൾഡ് എന്നിങ്ങനെ വളരുന്ന ക്രിസ്ത്യാനിക്ക് ക്രിസ്തുവിന്റെ ജീവനുള്ള ശരീരത്തിന്റെ ഭാഗമാകാൻ ആവശ്യമുള്ള എന്തും പ്രദാനം ചെയ്യാൻ പാകത്തിനുള്ള മനോഹരമായ അനേകം സാധ്യതകൾ ഈ മുന്നേറ്റത്തിൽ ഉൾച്ചേർന്നിരിക്കുന്നു. എടുത്തു പറയേണ്ടുന്ന ഒന്ന്, ഒരു “തറവാട്” പോലെ നമുക്കു സുപരിചിതവും പല തലമുറകൾ ഒരുമിച്ചു ചേർന്ന് ആഴത്തിലുള്ള സ്നേഹബന്ധം പങ്കിടുന്നതുമായ ഹൗസ്ഹോൾഡ് ആണ്. ദൈവത്തിൽ നിന്ന് നമുക്കു ലഭിച്ച വിശിഷ്ടമായ ഈ സമ്മാനം ഏറ്റവും അർഥപൂർണമായി ഉപയോഗിക്കുന്നുണ്ട് എന്ന് നാം ഉറപ്പുവരുത്തണം. “സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്ന് നമുക്കു പര്യാലോചിക്കാം. ചിലർ സാധാരണമായി ചെയ്യാറുള്ളതുപോലെ നമുടെ സഭായോഗങ്ങൾ നാം ഉപേക്ഷിക്കരുത്. മാത്രമല്ല, ആ ദിനം അടുത്തു വരുന്നത് കാണുമ്പോൾ നിങ്ങൾ പരസ്പരം കൂടുതൽ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും വേണം”. (ഹെബ്രാ 10:24,25)


Prepared by the Jesus Youth International Formation Team. Illustration: John Karol